പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.8124 17.07.2014 - ൽ മറുപടിയ്ക്ക്

**മെഡിക്കൽ കോളേജുകളിൽ കേന്ദ്രീകൃത സ്റ്റെറിലൈസേഷൻ വിഭാഗം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. റ്റി.എൻ പ്രതാപൻ<br>ശ്രീ. ജോസഫ് വാഴക്കൻ | | **ശ്രീ. വി. എസ്. ശിവകുമാർ**<br>**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |
| (എ) മെഡിക്കൽ കോളേജുകളിൽ കേന്ദ്രീകൃത സ്റ്റെറിലൈസേഷൻ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. എല്ലാ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളോടും ബന്ധപ്പെട്ട് കേന്ദ്രീകൃത സ്റ്റെറിലൈസേഷൻ വിഭാഗം പ്രവർത്തിക്കുന്നുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ആശുപത്രിയിലെ ഐ.സി.യു വിലും ഓപ്പറേഷൻ തീയേറ്ററിലുമുൾപ്പെടെയുള്ള സർജിക്കൽ ഉപകരണങ്ങൾ സ്റ്റെറിലൈസ് ചെയ്ത് സൂക്ഷിക്കുക, ഐ.സി.യൂണിറ്റ്, ഓപ്പറേഷൻ തീയേറ്റർ എന്നിവ ഇടയ്ക്കിടെ സ്റ്റെറിലൈസ് ചെയ്യുക എന്നിവ ഈ വിഭാഗത്തിന്റെ ചുമതലയാണ്. |
| (സി) ഇതിനായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളും ആധുനിക ഉപകരണങ്ങളുമാണ് ഇവിടെ ഒരുക്കിയിട്ടുള്ളത് ; വിശദമാക്കുമോ; | (സി) | ഓട്ടോക്ലേവ്, ഇ.റ്റി.ഒ. സ്റ്റെറിലൈസർ, അൾട്രാസോണിക് ക്ലീനർ ആന്റ് വാഷർ, ഹൈഡ്രജൻ പെറോക്സൈഡ് സ്റ്റെറിലൈസർ തുടങ്ങിയ സംവിധാനങ്ങൾ ഇതിനായി ഉപയോഗിക്കുന്നുണ്ട്. ഇതിനായി പ്രത്യേക വിഭാഗവും പരിശീലനം ലഭിച്ച ജീവനക്കാരും സർക്കാർ മെഡിക്കൽ കോളേജുകളിൽ ലഭ്യമാണ്. |
| (ഡി) ഇതിന്റെ നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | ഇതിന്റെ നടത്തിപ്പിനായി യോഗ്യരായ സി.എസ്.ആർ ടെക്നീഷ്യൻ ഉൾപ്പെടെയുള്ള ജീവനക്കാരെ നിയമിച്ച് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ